"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - തമിഴ്നാട് ചെങ്കൽപ്പട്ട് എച്ച്.എൽ.എൽ ബയോടെക് ലിമിറ്റഡിൽ, ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) ആയ ശ്രീ.അരവിന്ദ്.ആർ-ന്റെ, കേരഫെഡിൽ അസി. മാനേജർ (മെക്കാനിക്കൽ) തസ്തികയിലുള്ള അന്യത്രസേവന വ്യവസ്ഥ പ്രകാരമുള്ള നിയമന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(സാധാ) നം.883/2024/AGRI തീയതി,തിരുവനന്തപുരം, 23-09-2024

---

പരാമർശം:-

1. കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ 24/08/2020-ലെ 955/KFD/ADM-1/2020/2093 നമ്പർ നടപടിക്രമം.
2. കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ 15/07/2021-ലെ 875/ADM-1/2021/KFD/267 നമ്പർ നടപടിക്രമം.
3. 23/08/2022-ലെ സ.ഉ.(സാധാ) നം. 762/2022/AGRI
4. 08/09/2023-ലെ സ.ഉ.(സാധാ) നം. 878/2023/AGRI
5. ശ്രീ.അരവിന്ദ്.ആർ. സമർപ്പിച്ച അപേക്ഷയും, 10/07/2024- ലെ എച്ച്.എൽ.എൽ ബയോടെക് ലിമിറ്റഡിൽ നിന്നുള്ള നിരാക്ഷേപ പത്രവും
6. കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ 06/08/2024-ലെ KFD/616/2024-ADM1/408 നമ്പർ കത്ത്.

**ഉത്തരവ്**

തമിഴ്നാട് ചെങ്കൽപ്പട്ട് എച്ച്.എൽ.എൽ ബയോടെക് ലിമിറ്റഡിൽ, ഡെപ്യൂട്ടി മാനേജർ (പ്രോജക്ട്സ്) തസ്തികയിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന ശ്രീ. അരവിന്ദ്.ആർ-നെ കേരഫെഡിൽ അസി. മാനേജർ (മെക്കാനിക്കൽ) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (1) പ്രകാരം നിയമിച്ചിരുന്നതും, യഥാക്രമം, പരാമർശം (2), (3), (4) എന്നിവ പ്രകാരം ടിയാന്റെ സേവന കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നതുമാണ്.

നിലവിൽ ശ്രീ.അരവിന്ദ്.ആർ-ന്റെ, അന്യത്രസേവന കാലാവധി 02/08/2024-ൽ അവസാനിക്കുകയാണെന്നും 30/07/2024-ൽ ചേർന്ന കേരഫെഡ് ഭരണസമിതി യോഗം ശ്രീ അരവിന്ദ്.ആർ-ന്റെ കേരഫെഡിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ടെന്നും കേരഫെഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (6) പ്രകാരം അറിയിച്ചിട്ടുള്ളതും, സ്ഥിരം ജീവനക്കാരുടെ അഭാവവും, കരുനാഗപ്പള്ളി പ്ലാന്റിന്റെ സുഗമമായ പ്രവർത്തനത്തിന് പ്രവൃത്തി പരിചയമുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനം അനിവാര്യമാണെന്നതും പരിഗണിച്ച്, ശ്രീ അരവിന്ദ്.ആർ-ന്റെ അന്യത്രസേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശ്രീ. അരവിന്ദ്.ആർ സമർപ്പിച്ച അപേക്ഷയും മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രവും സഹിതം

അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.അരവിന്ദ്.ആർ സമർപ്പിച്ച അപേക്ഷയും, തമിഴ്നാട് ചെങ്കൽപ്പട്ട് എച്ച്.എൽ.എൽ ബയോടെക് ലിമിറ്റഡിൽ നിന്നുള്ള നിരാക്ഷേപ പത്രവും, കേരഫെഡ് ഭരണസമിതി യോഗത്തിന്റെ 30/07/2024-ലെ 18/33-ാം നമ്പർ തീരുമാനവും കണക്കിലെടുത്ത്, ശ്രീ.അരവിന്ദ്. ആർ-ന്റെ, കേരഫെഡിലെ അസി.മാനേജർ (മെക്കാനിക്കൽ) തസ്തികയിലുള്ള അന്യത്രസേവന വ്യവസ്ഥ പ്രകാരമുള്ള നിയമന കാലാവധി, 03/08/2024 മുതൽ ഒരു വർഷം വരെയോ, അല്ലെങ്കിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ടി തസ്തികയിൽ നിയമനം നടത്തുന്നതുവരെയോ (ഏതാണോ ആദ്യം) ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

1. മാനേജിങ് ഡയറക്ടർ, കേരഫെഡ്
2. ശ്രീ. അരവിന്ദ്. ആർ, അസി.മാനേജർ (മെക്കാനിക്കൽ), കേരഫെഡ് (മാനേജിങ് ഡയറക്ടർ മുഖാന്തിരം)
3. എല്ലാ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും (മാനേജിങ് ഡയറക്ടർ മുഖാന്തിരം)
4. എച്ച്. ആർ. ഓഫീസർ, എച്ച്.എൽ.എൽ ബയോടെക് ലിമിറ്റഡ്, ചെങ്കൽപ്പട്ട്, തമിഴ്നാട്
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള
6. വെബ് & ന്യൂ മീഡിയ, ഐ & പി.ആർ വകുപ്പ്
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Premchand C P
Date: 23-08-2024 16:34:48

പകർപ്പ് - ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്